# അധികാര മോഹികളെ നേതൃത്വമേൽപ്പിക്കരുത്

عَنْ عَبْدِ الرَّحْمَنِ بْنِ سَمُرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ لِي رَسُولُ اللَّهِ ﷺ: يَاعَبْدَ الرَّحْمَنِ، لاَ تَسْأَلِ الْإِمَارَةَ، فَإِنَّكَ إِنْ أُعْطِيتَهَا عَنْ مَسْأَلَةٍ وُكِلْتَ إِلَيْهَا، وَإِنْ أُعْطِيتَهَا عَنْ غَيْرِ مَسْأَلَةٍ أُعِنْتَ عَلَيْهَا (مسلم)

അബ്ദുർറ്ഹ്മാനുബ്നു സമുറ(റ)യിൽ നിന്ന്: നബി(സ) എന്നോട് പറഞ്ഞു: "അല്ലയോ അബ്ദുർറഹ്മാൻ, നീ ഭരണാധികാരം ചോദിച്ചുവാങ്ങരുത്. ചോദിച്ചതിന്റെ പേരിൽ നിനക്കത് നൽകപ്പെട്ടാൽ അതുകൊണ്ട് നീ ഭരമേൽപിക്കപ്പെടും (നിന്നെ അല്ലാഹു കൈയൊഴിക്കും, അവന്റെ സഹായം ലഭിക്കില്ല). ഇനി ചോദിക്കാതെയാണ് നിനക്ക് ലഭ്യമായതെങ്കിൽ അതിൽ നീ സഹായിക്കപ്പെടുകയും ചെയ്യും" (മുസ്‌ലിം)

അല്ലാഹു സത്യവിശ്വാസിയെ വിശ്വസിച്ചേൽപ്പിക്കുന്ന അമാനത്താണ് നേതൃപദവി. നല്ല നേതാവായിത്തീരുകയെന്നത് ദൈവാരാധനയുടെ ഭാഗമാണ്. കാരണം, അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ് ഒരാൾ നേതാവായിത്തീരുന്നത്. അധികാര മോഹമില്ലാത്തവരാണ് നേതൃസ്ഥാനത്ത് വരേണ്ടതെന്നാണ് ഈ നബിവചനം പഠിപ്പിക്കുന്നത്. അധികാര മോഹമുള്ളവരുടെ സ്ഥാനലബ്ധി പലപ്പോഴും അധികാര ദുർവിനിയോഗത്തിന് കാരണമായിത്തീരുന്നു. അധികാരത്തിലേറുന്നതോടുകൂടി ജനങ്ങളുടെ മേൽ ആധിപത്യം നേടാനും അവരെ അടിച്ചമർത്താനും ഇക്കൂട്ടർ ശ്രമിച്ചുകൊണ്ടിരിക്കും. സ്വന്തം നേട്ടങ്ങൾക്കായി എന്തു നീച പ്രവൃത്തിയിലേർപ്പെടാനും അവർ മടിക്കുകയില്ല. സുഭദ്രമായ ഒരു സംഘടനാ വ്യവസ്ഥയിൽ വിള്ളലുകൾ സൃഷ്ടിക്കാൻ ഇത്തരം പ്രവണതകൾ കാരണമായിത്തീരുന്നു. സംഘടനകളുടെയും രാഷ്ട്രങ്ങളുടെയും ആരോഗ്യകരമായ മുന്നോട്ടുപോക്കിനെ ഇത് സാരമായി ബാധിക്കും. അതുകൊണ്ട് പ്രവാചകൻ വളരെ ഗൗരവ സ്വരത്തിലാണ് ഈ ദുഃസ്വഭാവത്തെ കൈകാര്യം ചെയ്യുന്നത്.

ഒരിക്കൽ പ്രമുഖ സ്വഹാബിവര്യൻ അബൂദർറ്(റ) നബി(സ)യുടെ അടുക്കൽ വന്ന് ചോദിച്ചു: "താങ്കൾ എന്നെ ഭരണ കർത്താവായി നിയമിക്കുകയില്ലേ?" അപ്പോൾ നബി(സ) അദ്ദേഹത്തിന്റെ ചുമലിൽ കൈവെച്ച് കൊണ്ട് പറഞ്ഞു: "അബൂദർറേ, താങ്കളൊരു ദുർബലനാണ്. നിശ്ചയം അതൊരു അമാനത്താകുന്നു. അന്ത്യനാളിൽ നിന്ദ്യതക്കും ഖേദത്തിനും അത് കാരണമായിത്തീരും. അതിനെ സത്യസന്ധമായി സ്വീകരിക്കുകയും അതിൽ തന്റെ ഉത്തരവാദിത്തം നിർവഹിക്കുകയും ചെയ്തവരൊഴികെ." സ്വഹാബി വര്യന്മാരിൽ പ്രമുഖനായിട്ടു പോലും അദ്ദേഹത്തിന് അധികാരം നിഷേധിക്കപ്പെടുകയായിരുന്നു. മറ്റൊരിക്കൽ അശ്അരികളിൽ പെട്ട രണ്ട് യുവാക്കൾ തിരുസന്നിധിയിൽ വരികയും തങ്ങൾക്ക് എന്തെങ്കിലും ഉദ്യോഗം നൽകണമെന്ന് നബി(സ)യോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ, ഉദ്യോഗം കൊതിക്കുന്നവന് നാം അത് ഏൽപ്പിക്കുകയില്ല എന്നായിരുന്നു പ്രവാചകന്റെ മറുപടി. ഇങ്ങനെ മനസ്സിൽ അധികാര മോഹത്തിന്റെ കണികയെങ്കിലും അവശേഷിക്കുന്നവർക്ക്-അവർ കഴിവുള്ളവരാണെങ്കിൽപോലും-അത് നൽകരുതെന്നാണ് പ്രവാചകൻ പഠിപ്പിക്കുന്നത്.

അതേസമയം ആഗ്രഹിക്കാതെ ലഭിക്കുന്ന അധികാരം സത്യവിശ്വാസിക്ക് അനുഗ്രഹമാണ്. ദൈവസഹായത്തിനർഹനായിത്തീരാനുള്ള ഉപാധിയായിട്ടാണ് പ്രവാചകൻ അതിനെ വിശദീകരിക്കുന്നത്. ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തം നിറവേറ്റുന്നതിൽ അയാൾക്ക് ദൈവസഹായം ലഭിച്ചുകൊണ്ടിരിക്കുമെന്ന് സാരം.

ഒരേസമയം നിരവധി ഗുണങ്ങൾ സമ്മേളിച്ച ആളുകളാണ് ഇസ്‌ലാമിക വീക്ഷണത്തിൽ നേതാവായിത്തീരേണ്ടത്. അധികാര മോഹമോ സാമ്പത്തിക സുസ്ഥിതിയോ അതിന്റെ മാനദണ്ഡമായി പരിഗണിക്കപ്പെടാവതല്ല. ബഹുമുഖ കഴിവുകളും ഗുണങ്ങളുമുള്ളവരെയാണ് നേതൃസ്ഥാനത്തേക്ക് പരിഗണിക്കേണ്ടത്. പുതിയ കാര്യങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കാനുള്ള കഴിവ്, പക്വത, പ്രശ്നപരിഹാര ശേഷി, സമൂഹത്തെ സ്വാധീനിക്കുന്ന സ്വഭാവ മഹിമ, നല്ല സംഘാടന ശേഷി, ജനങ്ങളുമായി സംവദിക്കാനുള്ള കഴിവ് തുടങ്ങിയവ ഇതിൽപ്പെടുന്നു. നേതാവ് ഒരിക്കലും വിമർശനാതീതനായി മാറരുത്. മറിച്ച് അദ്ദേഹത്തിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കേണ്ടത് അണികളുടെ ബാധ്യതയാണ്. താൻ ഇസ്‌ലാമിന് വിരുദ്ധമായി വല്ലതും പ്രവർത്തിച്ചാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കുമെന്ന് രണ്ടാം ഖലീഫ ഉമർ(റ) ഒരിക്കൽ ജനങ്ങളോട് ചോദിച്ചു. 'വാളുകൊണ്ട് തിരുത്തും' എന്നായിരുന്നു അവരുടെ മറുപടി. ഇതു കേട്ട് അദ്ദേഹം ആഹ്ലാദഭരിതനായി എന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. എല്ലാറ്റിനുമുപരി നേതാവിന്റെ അടിസ്ഥാന സവിശേഷത ദൈവഭയവും സൂക്ഷ്മതയുമാണ്. എന്നാൽ, ഈ ഗുണങ്ങളിൽ നിന്ന് ഒരാൾ വ്യതിചലിച്ചു പോകാൻ അധികാര മോഹം കാരണമായിത്തീരുന്നു.

നീതിമാനായ ഭരണാധികാരികൾക്ക് മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്യുന്നതോടൊപ്പം അക്രമകാരികളായ ഭരണാധികാരികൾക്ക് ദൈവശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നുണ്ട് പ്രവാചകൻ. നബി(സ) പറഞ്ഞു: "ഇമാം ഒരു പരിച മാത്രമാണ്. അദ്ദേഹത്തിന്റെ പിന്നിൽ നിന്ന് യുദ്ധം ചെയ്യപ്പെടുകയും അദ്ദേഹത്തെ കൊണ്ട് സംരക്ഷിക്കപ്പെടുകയും ചെയ്യും. ഇനി അദ്ദേഹം അല്ലാഹുവിനെ സൂക്ഷിക്കുകയും നീതിപൂർവം വർത്തിക്കുകയും ചെയ്താൽ അതിന് അദ്ദേഹത്തിന് പ്രതിഫലമുണ്ട്. ഇനി മറ്റു വല്ലതിനുമാണ് അയാൾ കൽപ്പിക്കുന്നതെങ്കിൽ അതിന്റെ കുറ്റവും അയാൾക്കുണ്ട്" (മുസ്‌ലിം). ■